# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3004

### 18-10-2016 ലെ മറുപടിക്ക്

## അടിസ്ഥാന സൗകര്യ വികസന പദ്ധതി

| ചോദ്യം<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ പദ്ധതികളിലെ നിക്ഷേപത്തിനായി 1999-ലെ കിഫ് ആക്റ്റ് ഭേദഗതി ചെയ്യുകയും നിധിയുടെ ഭരണത്തിനും നിധിയിൽ നിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും നടത്തിക്കൊണ്ടു പോകുന്നതിനുമായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിനെ പ്രാപ്തമാക്കുകയും ചെയ്തു. ബഡ്ജറ്റിനു പുറമെ നിന്നും വിഭവ സമാഹരണം കണ്ടെത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പിലാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമുള്ള സംസ്ഥാന സർക്കാരിന്റെ ഒരേയൊരു ഏജൻസിയാണ് കിഫ്ബി. |
| (ബി) അടിസ്ഥാന സൗകര്യ വികസനത്തിന് സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഏതൊക്കെ തരത്തിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് | ഭേദഗതി ചെയ്യപ്പെട്ട കിഫ് ആക്റ്റ് പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിന് താഴെപ്പറയും പ്രകാരം സ്വകാര്യ മേഖലയ്ക്ക് നിക്ഷേപം/ധനകാര്യം, പ്രവർത്തനങ്ങൾ/പരിപാലനവുമായി ബന്ധപ്പെട്ട |

| | |
|---|---|
| | പങ്കാളിത്തമുണ്ടായിരിക്കുന്നതാണ്.<br>1. നിക്ഷേപമല്ലെങ്കിൽ ധനകാര്യവുമായി ബന്ധപ്പെട്ട കരാറുകൾ<br>(i) നിർമ്മാണ – പ്രവർത്തന – കൈമാറ്റ കരാർ (ബി.ഒ.ടി).<br>(ii) നിർമ്മാണ – ഉടമസ്ഥ – പ്രവർത്തന കരാർ (ബി.ഒ.ഒ)<br>(iii) നിർമ്മാണ – ഉടമസ്ഥ – പ്രവർത്തന – കൈമാറ്റ കരാർ (ബി.ഒ.ഒ.റ്റി)<br>(iv) നിർമ്മാണ – കൈമാറ്റ – പ്രവർത്തന കരാർ ( ബി.ടി.ഒ)<br>(V) രൂപകൽപന – നിർമ്മാണ – ധനകാര്യ – പ്രവർത്തന - കൈമാറ്റകരാർ (ഡി.ബി.എഫ്.ഒ.ടി)<br>2. പ്രവർത്തനങ്ങളും പരിപാലനവുമായി ബന്ധപ്പെട്ട കരാറുകൾ<br>(i) നിർവ്വഹണ കരാർ<br>(ii) പാട്ട നിർവ്വഹണ കരാർ<br>(iii) നിർമ്മാണ – പാട്ട - കൈമാറ്റ കരാർ (ബി.എൽ.റ്റി)<br>(iv) പുന:സ്ഥാപന – പ്രവർത്തന - കൈമാറ്റ - കരാർ ( ആർ.ഒ.ടി)<br>(V) പുന:സ്ഥാപന – ഉടമസ്ഥ – പ്രവർത്തന കരാർ ( ആർ.ഒ.ഒ) |
| **(സി)** ദേശീയ അടിസ്ഥാന സൗകര്യ നിധിയിൽ നിന്ന് കിഫ്ബിയിലേക്ക് ലഭ്യമായ അയ്യായിരം കോടി രൂപ ഏതൊക്കെ പദ്ധതികളുടെ പൂർത്തീകരണത്തിനായി ഉപയോഗപ്പെടുത്തുമെന്ന് വ്യക്തമാക്കാമോ; | ദേശീയ അടിസ്ഥാന സൗകര്യ നിധിയിൽ നിന്നും കിഫ്ബിയിലേയ്ക്ക് നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല. |
| **(ഡി)** പുതിയ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്ക് സ്ഥലമേറ്റെടുപ്പ് പ്രതിസന്ധി | അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സുഗമമായി നടപ്പിലാക്കുന്നതിന് സർക്കാർ |

| | |
|---|---|
| സൃഷ്ടിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതിനായി സ്ഥലമേറ്റെടുക്കുന്നതിന് ഒരു ഫാസ്റ്റ് ട്രാക്ക് സംവിധാനം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | നേരിടുന്ന പ്രധാന പ്രതിസന്ധി സ്ഥലമേറ്റെടുക്കുന്നതിനുള്ള കുറഞ്ഞ ധനലഭ്യതയാണ്. ആയതിനാൽ സംസ്ഥാനത്തിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ വേഗത്തിലും സുഗമമായും നടപ്പിലാക്കുന്നതിന് കിഫ്ബി മുഖേന ലാൻറ് ബോണ്ടുകൾ പുറപ്പെടുവിച്ച് ഈ പ്രതിസന്ധി മറികടക്കുന്നതിനുള്ള ധനസമാഹരണം നടത്താൻ ആലോചനയുണ്ട്. |

**സെക്ഷൻ ഓഫീസർ**